## പതിമൂന്നാം കേരളനിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 969 — 13.06.2013-ലെ മറുപടിക്ക്

### പൊതുവിദ്യാഭ്യാസമേഖലയുടെ പുരോഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. പി. മുഹമ്മദ്<br>'' റ്റി.എൻ.പ്രതാപൻ<br>'' വി.ഡി.സതീശൻ<br>'' പി.സി.വിഷ്ണുനാഥ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) | പൊതുവിദ്യാഭ്യാസമേഖലയിൽ എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; വിശദമാക്കുമോ; | (എ) | ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് സംതൃപ്തരായ ഒരു അദ്ധ്യാപക സമൂഹം ആവശ്യഘടകമാണെന്നതിന്റെ അടിസ്ഥാനത്തിലാണ് അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയത് കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിദ്യാഭ്യാസഅവകാശചട്ടങ്ങൾ രൂപീകരിച്ച് ഘട്ടംഘട്ടമായി നടപ്പാക്കി വരുന്നുണ്ട്. ഇതനുസരിച്ച് 5 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് നിർബന്ധിതവും സൗജന്യവുമായ വിദ്യാഭ്യാസം ഉറപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | നിലവിലുള്ള വിദ്യാർത്ഥി അദ്ധ്യാപക അനുപാതത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; | (ബി) | വിദ്യാഭ്യാസഅവകാശനിയമപ്രകാരം സ്കൂളുകളിലെ മൊത്തം കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനമാക്കി എൽ.പി. സ്കൂളുകളിൽ 1:30 ഉം യു.പി. സ്കൂളിൽ 1:35 ഉം അനുപാതമാണ് നിശ്ചയിച്ചിരിക്കുന്നത്. ക്ലാസ് |

| | | | |
|---|---|---|---|
| | | | ഡിവിഷനുകൾ അനുവദിക്കുന്നതിന് കെ.ഇ.ആർ ചട്ടങ്ങൾ തന്നെയാണ് ബാധകം. |
| (സി) | എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിന് നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (സി) യും (ഡി) യും | 2010 – 11 ലെ സ്റ്റാഫ് ഫിക്സേഷന്റെ അടിസ്ഥാനത്തിലുള്ള തസ്തികകളാണ് 2011 - 12, 2012 - 13 വർഷങ്ങളിൽ നിലനിന്നിരുന്നത്. ആയതിനാൽ മരണം,രാജി, പ്രമോഷൻ, റിട്ടയർമെന്റ് എന്നിവമൂലം ഒഴിവുവന്ന തസ്തികകളിലെ നിയമനങ്ങൾ മാത്രമാണ് അംഗീകരിച്ചുനൽകിയത്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | | സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യു.ഐ.ഡി നമ്പർ ഏർപ്പെടുത്തിക്കൊണ്ട്, അതിന്റെ അടിസ്ഥാനത്തിൽ തസ്തികനിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ